# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി. നമ്പർ-112, ഓവർബ്രിഡ്ജ് ജംഗ്ഷൻ,തിരുവനന്തപുരം-1, ഫോൺ-0471-2460339

വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

റീജിയണൽ ഓഫീസ് :
1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, മഹേശ്വരി ബിൽഡിംഗ് , എം. ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ബിൽഡിംഗ്, ഗാന്ധി നഗർ, കടവന്ത്ര .പി.ഒ, കൊച്ചിൻ -20, എറണാകുളം, ഫോൺ- 0484-2205693.
4) പി. ബി. നമ്പർ 112, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1, ഫോൺ-0471-2460440


No : WBCA/G/1637/2020 തീയതി : 26/08/2020

## സർക്കുലർ നമ്പർ : 2/2020

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ക്യാഷ് അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

സൂചന:
1) 04-08-2017 തീയതിയിലെ ജി. ഒ (എം. എസ്) 28/2017 (സഹകരണം) നമ്പർ സർക്കാർ ഉത്തരവ്
2) 23-06-2018 തീയതിയിലെ 18 (a) നമ്പർ ഭരണസമിതി തീരുമാനം.
3) 06-08-2019 തീയതിയിലെ 6 (d) നമ്പർ ഭരണസമിതി തീരുമാനം.
4) 25-08-2020 തീയതിയിലെ 11-ാം നമ്പർ ഭരണസമിതി തീരുമാനം.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗമായി കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുവരുന്ന സഹകരണസംഘം ജീവനക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും മക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യസ ക്യാഷ് അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. 2019-20 അദ്ധ്യയന വർഷത്തിൽ ചുവടെ പറയുന്ന വിവിധ കോഴ്സുകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കും സംസ്ഥാന സ്കൂൾ കലോത്സവം, സ്പോർട്സ്/ഗയിംസ് മത്സരങ്ങൾ എന്നിവയിൽ വിജയികളായവർക്കുമുള്ള ക്യാഷ് അവാർഡുകൾക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 30-09-2020 വരെയാണ്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകൾ (അനക്സർ IX) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ൽ കുറയാത്ത തസ്തികയിലുള്ള ഓഫീസറും ഇതര വകുപ്പുകളിലെ സഹകരണസംഘം ജീവനക്കാരുടെ അപേക്ഷകൾ അതാത് വകുപ്പുകളുടെ താലൂക്ക്/ജില്ലാ തലത്തിൽ കുറയാത്ത ഓഫീസറുമാണ് മേലൊപ്പ് (Countersign) വയ്ക്കേണ്ടത്. ബോർഡിൽ അംഗങ്ങളല്ലാത്തവരുടെയും, നിശ്ചിത അവസാന തീയതിക്കുശേഷം ലഭിക്കുന്ന തുമായ അപേക്ഷകൾ ക്യാഷ് അവാർഡിന് പരിഗണിക്കുകയില്ല. അപക്ഷാഫാറത്തിനും, മറ്റ് വിശദ വിവരങ്ങൾക്കും തിരുവനന്തപുരത്തെ ഹെഡ് ഓഫീസ്, ബോർഡിന്റെ മറ്റ് റീജിയണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. കൂടാതെ www.kscewb.kerala.gov.in എന്ന വൈബ് സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.

## ക്യാഷ് അവാർഡിനായി സമർപ്പിക്കേണ്ട രേഖകൾ

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ (അനക്സർ- IX).
2. വിദ്യാർത്ഥി പഠിച്ച സ്കൂൾ/കോളേജിലെ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഗ്രേഡ്/മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പ്.
3. ജീവനക്കാരനും, വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (വിദ്യാർത്ഥിയുടെ SSLC യുടെ പകർപ്പ്)
4. ഗ്രേഡിംഗ് സമ്പ്രദായത്തിൽ പരീക്ഷ വിജയിച്ച പ്രൊഫഷണൽ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികളുടെ (B. Tech, M. Tech, B.Sc- നഴ്സിംഗ്, BDS, MBBS, BAMS, BHMS, MS, MD, MDS ) സർവ്വകലാശാല/ വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും ലഭിച്ച ഗ്രേഡ് പോയിന്റിന്റെ ശതമാനം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.
5. സംഘം/ബാങ്ക്/സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശ കത്ത്.

## ക്യാഷ് അവാർഡിന് പരിഗണിക്കുന്ന ഇനങ്ങൾ

| *കോഴ്സുകൾ* | *ക്യാഷ് അവാർഡിനുള്ള അർഹത* | *അവാർഡ് തുക* | *നിബന്ധനകൾ* |
|---|---|---|---|
| 10th Std. | സ്റ്റേറ്റ് സിലബസ്- എല്ലാ വിഷയങ്ങൾക്കും 'A+' ഗ്രേഡ് ലഭിച്ചവർക്ക്<br>ICSE, CBSE - എല്ലാ വിഷയങ്ങൾക്കും കൂടി 90% മാർക്ക് ലഭിച്ചവർക്ക് | 10000 | സംസ്ഥാന സർക്കാർ സിലബസിലും മറ്റ് കേന്ദ്ര സർക്കാർ സിലബസിലും പഠിച്ച വിദ്യാർത്ഥികൾക്ക് (State, CBSE, ICSE, ISC) |
| Plus-2/VHSE | എല്ലാ വിഷയങ്ങൾക്കുംകൂടി 90% മാർക്ക് ലഭിച്ചവർക്ക് | 10000 | |
| HDC & BM<br>JDC | സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം<br>സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം<br>സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം | 10000<br>7000<br>5000 | സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് മാത്രം |
| B. Tech<br>M. Tech<br>B.Sc -Nursing | ജില്ലാതലത്തിൽ ഒന്നാം സ്ഥാനം | 15000 | ഓരോ കോഴ്സിലും ജില്ലാതലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ഒരാൾക്ക് മാത്രം. 2019 ഏപ്രിൽ മാസത്തിനും 2020 മാർച്ച് മാസത്തിനുമിടയിൽ അവസാനവർഷ പരീക്ഷ വിജയിച്ചവരുടെ അപേക്ഷകളാണ് 2019-20 അധ്യയന വർഷത്തെ ക്യാഷ് അവാർഡിന് പരിഗണിക്കുന്നത്. |
| BDS<br>MBBS<br>BAMS<br>BHMS<br>MS, MD<br>MDS | ജില്ലാതലത്തിൽ ഒന്നാം സ്ഥാനം | 25000 | |
| സംസ്ഥാന സ്കൂൾ കലോത്സവം | സെക്കന്ററി/ ഹയർസെക്കന്ററി തലത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് | 5000 | കേരള സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് ലഭിച്ചവർക്ക് മാത്രം. ഒന്നിലധികം ഇനങ്ങളിൽ 'A' ഗ്രേഡ് ലഭിച്ചവർക്കും ഒരു ക്യാഷ് അവാർഡ് മാത്രം. |
| സ്കൂൾ/ കോളേജ് തല സ്പോർട്സ്/ഗയിംസ് മത്സരം | സ്കൂൾ വിഭാഗം -<br>സംസ്ഥാനതല മത്സരത്തിൽ ഒന്ന്,രണ്ട് സ്ഥാനങ്ങൾക്കും, ദേശീയതല മത്സരത്തിൽ പങ്കെടുത്തവർക്കും<br>കോളേജ് വിഭാഗം-<br>അന്തർസർവ്വകലാശാല മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് | 5000 | സ്പോർട്സ്/ഗയിംസ് മത്സരങ്ങളിൽ ഒന്നിലധികം ഇനങ്ങളിൽ വിജയികളായവർക്കും ഒരു ക്യാഷ് അവാർഡ് മാത്രം. സ്കൂൾ തലത്തിലും സർവ്വകലാശാല തലത്തിലും വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്പോർട്സ് /ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് മാത്രം. (അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങൾ പരിഗണിക്കുകയില്ല.) |

അപേക്ഷകൾ നേരിട്ടോ, തപാൽ മുഖേനയോ ലഭിക്കേണ്ട അവസാന തീയതി 30-09-2020

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി- ട്രഷറർ,
കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്,
പി ബി നമ്പർ -112, സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്
ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1. ഫോൺ : 0471- 2460339.

Contact Number

Jr. Superintendent - 9995506280

ഉള്ളടക്കം - അപേക്ഷാഫാറത്തിന്റെ മാതൃക (അനക്സർ- IX).

അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറി- ട്രഷറർ

പകർപ്പുകൾ :

1) സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം ആഡിറ്റ് ഡയറക്ടർ ( ,, )
3) ഡയറക്ടർ, കയർ വികസന പ്രോജക്ട് ( ,, )
4) ഡയറക്ടർ, ക്ഷീര വികസന വകുപ്പ് ( ,, )
5) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ് ( ,, )
6) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് ( ,, )
7) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ( ,, )
8) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ( ,, )
9) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്- കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം ( ,, )
10) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
11) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
12) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
13) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
14) എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
15) എല്ലാ ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
16) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
17) എല്ലാ ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
18) മാനേജിംഗ് ഡയറക്ടർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
19) എല്ലാ മിൽമാ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്കും
20) സഹകരണ സംഘം ജീവനക്കാരുടെ സംഘടനകൾ
21) പത്ര/ ദൃശ്യമാധ്യമങ്ങൾക്കും , സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
22) സ്റ്റോക്ക് ഫയൽ